# കേരള ലളിതകലാ അക്കാദമി

ചെമ്പൂക്കാവ്, തൃശൂർ - 680 020
ഫോൺ : 0487-2333773

## ഗ്രൂപ്പ് പ്രദർശന ഗ്രാന്റിനുള്ള അപേക്ഷ: 2016-17

1. കലാകാരന്മാരുടെ/കലാകാരികളുടെ പൂർണ്ണമായ പേര്

2. പൂർണ്ണമായ മേൽവിലാസങ്ങൾ (പിൻകോഡ്, ഇ-മെയിൽ, ഫോൺ നമ്പർ (എസ്.ടി.ഡി.കോഡ് സഹിതം), മൊബൈൽ)

3. കത്തിടപാടുകൾ നടത്തേണ്ട വിലാസം

4. കലാസൃഷ്ടികൾ ഇതിനുമുമ്പ് പ്രദർശിപ്പിച്ചവ ആണോ?

5. അക്കാദമിയുടെ പ്രദർശന ഗ്രാന്റ് മുമ്പ് ലഭിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ ഏതൊക്കെ വർഷങ്ങൾ?

6. അക്കാദമിയുടെ അവാർഡുകളോ മറ്റ് പുരസ്ക്കാരങ്ങളോ ലഭിച്ചിട്ടുണ്ടെങ്കിൽ ആ വിവരങ്ങൾ :

7. വയസ്സ്, ജനനതീയതി :

**തീയതി** **അപേക്ഷകന്റെ പേരും ഒപ്പും**

(മറുപുറം...)

**പരിഗണനയ്ക്കായി അയക്കുന്ന ചിത്രങ്ങളെ/ശില്പങ്ങളെക്കുറിച്ചുള്ള വിശദവിവരങ്ങൾ**

| നമ്പർ | | മാധ്യമം | സൃഷ്ടി നടത്തിയ വർഷം | വലിപ്പം |
|---|---|---|---|---|
| **1)** | **കലാകാരന്റെ/കലാകാരിയുടെ പേര് :** | | | |
| | കലാസൃഷ്ടികളുടെ പേര് | | | |
| 1. | | | | |
| 2. | | | | |
| 3. | | | | |
| 4. | | | | |
| 5. | | | | |
| **2)** | **കലാകാരന്റെ/കലാകാരിയുടെ പേര് :** | | | |
| | കലാസൃഷ്ടികളുടെ പേര് | | | |
| 1. | | | | |
| 2. | | | | |
| 3. | | | | |
| 4. | | | | |
| 5. | | | | |
| **3)** | **കലാകാരന്റെ/കലാകാരിയുടെ പേര് :** | | | |
| | കലാസൃഷ്ടികളുടെ പേര് | | | |
| 1. | | | | |
| 2. | | | | |
| 3. | | | | |
| 4. | | | | |
| 5. | | | | |
| **4)** | **കലാകാരന്റെ/കലാകാരിയുടെ പേര് :** | | | |
| | കലാസൃഷ്ടികളുടെ പേര് | | | |
| 1. | | | | |
| 2. | | | | |
| 3. | | | | |
| 4. | | | | |
| 5. | | | | |
| **5)** | **കലാകാരന്റെ/കലാകാരിയുടെ പേര് :** | | | |
| | കലാസൃഷ്ടികളുടെ പേര് | | | |
| 1. | | | | |
| 2. | | | | |
| 3. | | | | |
| 4. | | | | |
| 5. | | | | |

## ഗ്രൂപ്പ് പ്രദർശനം – നിബന്ധനകൾ

1. ഗ്രൂപ്പ് പ്രദർശനം നടത്തുന്നവർ കേരളത്തിനകത്തോ പുറത്തോ താമസിക്കുന്ന മലയാളികൾ ആയിരിക്കണം. കേരള ലളിതകലാ അക്കാദമി പ്രദർശനങ്ങൾക്ക് ചിത്രം/ശില്പം എന്നിവ സമർപ്പിച്ച ശേഷം തിരികെ കൊണ്ടുപോകാത്ത കലാകാരികൾക്ക്/കലാകാരന്മാർക്ക് ഗ്രൂപ്പ് പ്രദർശനത്തിൽ പങ്കെടുക്കാൻ അർഹതയുണ്ടായിരിക്കുന്നതല്ല.
2. ഓരോ കലാകാരന്റെയും/കലാകാരിയുടെയും 5 കലാസൃഷ്ടികളുടെ കളർ ഫോട്ടോഗ്രാഫുകളും (8" x 6" വലുപ്പത്തിൽ) പ്രസ്തുത ചിത്രങ്ങളടങ്ങിയ സി.ഡി. (ഇമേജുകൾ 300 ഡി പി ഐ റെസല്യൂഷനിൽ) അപേക്ഷയോടൊപ്പം ഉണ്ടായിരിക്കണം. കലാസൃഷ്ടികളെക്കുറിച്ചുള്ള ലഘുവിവരണവും ഉൾക്കൊള്ളിച്ചിരിക്കണം. (ഫോട്ടോഗ്രാഫുകളും സി.ഡി.യും തിരികെ ലഭിക്കുന്നതിന് മതിയായ സ്റ്റാമ്പ് പതിച്ച കവർ സി.ഡി. മെയ്‌ലർ കവർ ഉൾപ്പെടെ അടക്കം ചെയ്യേണ്ടതാണ്.)
3. പ്രദർശനം നടത്താനുദ്ദേശിക്കുന്ന സ്ഥലം, ഗ്യാലറി, ഏകദേശ തീയതി (2017 സെപ്തംബർ 30ന് അകം) എന്നിവ വിശദമായി അറിയിക്കണം.
4. കേരള ലളിതകലാ അക്കാദമിക്ക് സ്വന്തം ഗ്യാലറികളുള്ള തിരുവനന്തപുരം, കോട്ടയം, ആലപ്പുഴ, കാലടി, തൃശൂർ, കൊടുങ്ങല്ലൂർ, മലമ്പുഴ, കോഴിക്കോട്, മലപ്പുറം, തലശ്ശേരി, കാഞ്ഞങ്ങാട്, മാനന്തവാടി എന്നീ സ്ഥലങ്ങളിൽ പ്രദർശനം നടത്തുന്നവർ കേരള ലളിതകലാ അക്കാദമിയുടെ ഗ്യാലറികൾ മാത്രമേ ഉപയോഗപ്പെടുത്തുവാൻ പാടുള്ളൂ. പുതിയ ഗ്യാലറികൾ നിലവിൽ വരുമ്പോൾ പ്രസ്തുത ജില്ലയിൽ ആ ഗ്യാലറി മാത്രമെ പ്രദർശനത്തിനായി ഉപയോഗിക്കാവൂ. പ്രദർശന ഗ്രാന്റിന് തെരഞ്ഞെടുക്കപ്പെടുന്നവർ അക്കാദമി ഗ്യാലറികൾക്ക് വാടക നൽകേണ്ടതില്ല.
5. കുറഞ്ഞത് മൂന്നും, പരമാവധി അഞ്ചും പേർ വീതം അടങ്ങുന്ന ഗ്രൂപ്പ് എക്സിബിഷന് 40,000/-രൂപ ഗ്രാന്റും എക്സിബിഷൻ ദിവസങ്ങളിൽ ഭക്ഷണത്തിന് ചിലവായ തുകയും (പരമാവധി ഒരാൾക്ക് 1,500/-), താമസത്തിനുവേണ്ടി പരമാവധി 5,000/-രൂപയും അനുവദിക്കുന്നതാണ്. തെരഞ്ഞെടുക്കപ്പെട്ട പ്രദർശനം നടത്തുന്ന ഗ്യാലറി മറ്റ് ജില്ലയിലാണെങ്കിൽ റെയിൽവെ രണ്ടാം ക്ലാസ് ഏ.സി. യാത്രപ്പടി അനുവദിക്കുന്നതാണ്. പ്രദർശനം നടത്തുന്ന ഗ്യാലറി കലാകാരന്മാർ/കലാകാരികൾ താമസ്സിക്കുന്ന ജില്ലയിലാണെങ്കിൽ, പ്രത്യേക താമസത്തിനുള്ള ചിലവും യാത്രാപ്പടിയും അനുവദിക്കുന്നതല്ല.
6. പ്രദർശനത്തിനുശേഷം പ്രദർശന റിപ്പോർട്ടും (പത്രവാർത്തയുടെ കട്ടിംഗുകൾ അടക്കം) കലാസൃഷ്ടികൾ തിരികെ കൊണ്ടു പോയിട്ടുണ്ട് എന്നുള്ള ഗ്യാലറി കെയർടേക്കറുടെ/അറ്റന്ററുടെ സർട്ടിഫിക്കറ്റും അക്കാദമിയിലേക്ക് അയച്ചു തരേണ്ടതാണ്.
7. പൂരിപ്പിച്ച അപേക്ഷാഫോറവും മറ്റു വിവരങ്ങളും 2017 ഫെബ്രുവരി 28-ാം തീയതിയ്ക്കു മുമ്പായി കേരള ലളിതകലാ അക്കാദമി ഹെഡ് ഓഫീസിൽ ലഭിച്ചിരിക്കേണ്ടതാണ്. (മേൽവിലാസം : സെക്രട്ടറി, കേരള ലളിതകലാ അക്കാദമി, തൃശൂർ - 680 020. ഫോൺ : 0487-2333773)
8. നിബന്ധനകളുടെ ഒരു പകർപ്പ് എടുത്ത് പ്രദർശനത്തിന് അപേക്ഷിക്കുന്നവർ സൂക്ഷിക്കേണ്ടതാണ്.
9. 2013 ഏപ്രിലിനുശേഷം ഏകാംഗപ്രദർശനത്തിനുള്ള ഗ്രാന്റ് ലഭിച്ചിട്ടുള്ളവർ വീണ്ടും അപേക്ഷിക്കേണ്ടതില്ല.
10. കലാകാരൻ/കലാകാരി തങ്ങളുടെ കലാസൃഷ്ടികൾ അയയ്ക്കുന്ന വേളയിലോ, എക്സിബിഷൻ സമയത്തോ അവയ്ക്ക് എന്തെങ്കിലും കേടുപാടുകൾ സംഭവിച്ചാൽ അതിന് അക്കാദമിക്ക് ഉത്തരവാദിത്വം ഉണ്ടായിരിക്കുന്നതല്ല.
11. എക്സിബിഷൻ വേളയിൽ കലാസൃഷ്ടികൾ വില്ക്കപ്പെടുകയാണെങ്കിൽ കലാസൃഷ്ടിയുടെ വിലയുടെ 33.3% അക്കാദമി ഡെവലപ്പ്മെന്റ് ഫണ്ടിലേയ്ക്ക് അടയ്ക്കേണ്ടതാണ്.
12. ഗ്രൂപ്പ് പ്രദർശനത്തിന് മറ്റ് സംഘടനകളുടേയോ, സ്ഥാപനങ്ങളുടേയോ, വ്യക്തികളുടേയോ കോ-സ്പോൺസർഷിപ്പ് സ്വീകരിക്കാൻ പാടുള്ളതല്ല.
13. ഗ്രൂപ്പ് പ്രദർശനം ചുരുങ്ങിയത് ഏഴ് ദിവസം നടത്തിയിരിക്കണം. കൂടുതൽ ദിവസങ്ങൾ ആവശ്യമുണ്ടെങ്കിൽ ഏഴുദിവസം കഴിഞ്ഞുള്ള ദിവസങ്ങളിലെ വാടക അടയ്ക്കേണ്ടതാണ്. താങ്കളുടെ ഭക്ഷണ, താമസ ചിലവ് കൂടി സ്വയം വഹിക്കേണ്ടതാണ്.
14. ഗ്രൂപ്പ് പ്രദർശനത്തിന് തെരഞ്ഞെടുത്തിട്ടുള്ള കലാകാരന്മാർ/കലാകാരികൾ ഡെപ്പോസിറ്റ് തുക അടയ്ക്കേണ്ടതില്ല. ഗ്യാലറിയിൽ എന്തെങ്കിലും കേടുപാടുകൾ സംഭവിച്ചാൽ കലാകാരന് നൽകുന്ന ഗ്രാന്റിൽ നിന്നും തുക ഈടാക്കുന്നതായിരിക്കും.
15. ഗ്രൂപ്പ് പ്രദർശനം കുറഞ്ഞത് 30 കലാസൃഷ്ടികളെങ്കിലും സ്വന്തം ചിലവിൽ പ്രദർശിപ്പിക്കുകയും പ്രദർശനം കഴിഞ്ഞാലുടൻ അവ ഗ്യാലറിയിൽ നിന്നും നീക്കം ചെയ്യേണ്ടതുമാണ്.
16. അക്കാദമിക്ക് തിരക്കിട്ട മറ്റു പരിപാടികളും എക്സിബിഷനുകളുമുള്ളതുകൊണ്ട് പ്രദർശനം മുൻകൂട്ടി റിസർവ്വ് ചെയ്യേണ്ടതാണ്. ഗ്രൂപ്പ് പ്രദർശനം അക്കാദമിയുടെ **എറണാകുളം ഒഴികെയുള്ള** ഏതെങ്കിലും ആർട്ട് ഗ്യാലറിയിൽ 2017 സെപ്തംബർ 30ന് മുൻപായി നടത്തിയിരിക്കണം.

മേൽ പറഞ്ഞ നിബന്ധനകൾ എല്ലാം ഞാൻ സമ്മതിച്ചിരിക്കുന്നു.

**തീയതി:** **അപേക്ഷകയുടെ/അപേക്ഷകന്റെ ഒപ്പ്**